# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VIII** | **DEPARTMENT: MALAYALAM** | **DATE : 30/04/2023** |
| **Class Note** | **Lesson: Grammar** | **Topic: വാക്യശുദ്ധി** |

## വാക്യശുദ്ധി

1. രാജാവ് പ്രജകളെല്ലാവരെയും ഒരുപോലെ തുല്യരായി കാണുന്നു.
   രാജാവ് പ്രജകളെല്ലാവരെയും തുല്യരായി കാണുന്നു.
   (ഒരുപോലെ, തുല്യരായി എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമായതിനാൽ ഏതെങ്കിലും ഒന്നു മതി.)
2. രാമു പരീക്ഷയിൽ തോറ്റുപോകാൻ കാരണം അലസത കൊണ്ടാണ്.
   രാമു പരീക്ഷയിൽ തോറ്റുപോകാൻ കാരണം അലസതയാണ്.
   (കാരണം, കൊണ്ട് എന്നിവയ്ക്ക് ഒരർത്ഥമായതിനാൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കുക.)
3. മറ്റുള്ളവരിൽ കാണാനാവാത്ത അന്യാദൃശ കഴിവുകൾക്ക് ഉടമയാണ് അയാൾ.
   മറ്റുള്ളവരിൽ കാണാനാവാത്ത കഴിവുകൾക്ക് ഉടമയാണ് അയാൾ.
   (മറ്റുള്ളവരിൽ കാണാനാവാത്തത് എന്ന അർത്ഥം തന്നെയാണ് അന്യാദൃശം എന്ന വാക്കിനുമുള്ളത്. അതിനാൽ ഒന്നു മാത്രം ഉപയോഗിക്കുക.)
4. ജീവിക്കാൻ മറ്റു ഗത്യന്തരമില്ലാതെ അവൻ കൂലിപ്പണിക്ക് തയ്യാറായി.
   ജീവിക്കാൻ മറ്റു ഗതിയില്ലാതെ അവൻ കൂലിപ്പണിക്ക് തയ്യാറായി.
   (മറ്റ്, അന്തരം എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമായതിനാൽ ഏതെങ്കിലും ഒന്നു മതി.)
5. മനുഷ്യന്റെ ഉൽപത്തിയെപ്പറ്റി ചില പുതിയ നൂതന സിദ്ധാന്തങ്ങൾ നരവംശശാസ്ത്രം അവതരിപ്പിച്ചിട്ടുണ്ട്.
   മനുഷ്യന്റെ ഉൽപത്തിയെപ്പറ്റി ചില നൂതന സിദ്ധാന്തങ്ങൾ നരവംശശാസ്ത്രം അവതരിപ്പിച്ചിട്ടുണ്ട്.
   (പുതിയ, നൂതന എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമായതിനാൽ ഏതെങ്കിലും ഒന്ന് മതി.)
6. കുട്ടികൾ മുതൽ മുതിർന്നവർ വരെ ആബാലവൃദ്ധം ജനങ്ങളെയും ഞാൻ അവിടെ കണ്ടു.
   ആബാലവൃദ്ധം ജനങ്ങളെയും ഞാൻ അവിടെ കണ്ടു.
   (ആബാലവൃദ്ധം എന്നതിന്റെ അർത്ഥം 'കുട്ടികൾ മുതൽ മുതിർന്നവർ വരെ' എന്നാണ്. അതിനാൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കുക.)
7. ജനാധിപത്യം തീർച്ചയായും വളരുക തന്നെ ചെയ്യും.
   ജനാധിപത്യം വളരുക തന്നെ ചെയ്യും.
   (തീർച്ചയായും, തന്നെ ഇവയ്ക്ക് ഒരേ അർത്ഥമായതിനാൽ ഒന്ന് ഉപയോഗിച്ചാൽ മതി)
8. അവൻ ഇന്നലെ ഇവിടെ വരുകയും എന്നോടൊപ്പം കളിച്ചു.
   അവൻ ഇന്നലെ ഇവിടെ വരുകയും എന്നോടൊപ്പം കളിക്കുകയും ചെയ്തു./ അവൻ ഇന്നലെ ഇവിടെ വന്ന് എന്നോടൊപ്പം കളിച്ചു.